**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് താമസിക്കുന്ന പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗക്കാരുടെ പുനരധിവാസത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി 2021-22 -ൽ നടപ്പാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ? | (എ) | പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗക്കാരുടെ (ദുർബല വിഭാഗം) പുനരധിവാസത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ടോയ് ലെറ്റ്, ഭവന പുനരുദ്ധാരണം, പഠനമുറി, വീട്, ഭൂമി, കൃഷിഭൂമി എന്നിവയാണ്. 2021-22 സാമ്പത്തിക വർഷം 50 കോടി രൂപയാണ് ദുർബല വിഭാഗ പുനരധിവാസ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നത്. പാലക്കാട് ആയതിന്റെ അടിസ്ഥാനത്തിൽ 2021-22 ലെ പദ്ധതികൾക്കായി പാലക്കാടിന് 470 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു. മലപ്പുറം മലപ്പുറം ജില്ലയ്ക്ക് 271.5 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. സാമ്പത്തിക ഉന്നമനത്തിനായി അനുവദിച്ചിരിക്കുന്ന കൃഷി ഭൂമിയുടെ രജിസ്ട്രേഷൻ നടപടികളും മറ്റു പദ്ധതികളുടെ നിർവ്വഹണവും ജില്ലയിൽ പുരോഗമിക്കുന്നു. കൊല്ലം 272 ലക്ഷം രൂപയാണ് കൊല്ലം ജില്ലയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ളത്. ആയതു പ്രകാരമുള്ള പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു. ടി തുക കൂടാതെ ടോയ് ലെറ്റ്-64, ഭവന പുനരുദ്ധാരണം-30, പഠനമുറി-9, വീട്-11, ഭൂമി-4 എന്നിങ്ങനെ പദ്ധതികൾക്ക് അധിക തുകയായി 183.6 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ഇടുക്കി ജില്ലയ്ക്ക് പദ്ധതി നടത്തിപ്പിനായി ആകെ 265.39 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു. പട്ടികജാതി പ്രൊമോട്ടർമാരുടെ കൂടി സേവനം പരമാവധി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി പദ്ധതി നിർവ്വഹണം നടത്തുന്നതിനും തുക ചെലവഴിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ